# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി16) 1004/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/09/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി16) 1004/2025 തീയ്യതി: 29/09/2025

## തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2025 | 14-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2025 | 14-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജയകൃഷ്ണൻ എസ്. (ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ.)

ദിവ്യ എസ്. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കന്തസ്വാമി ഐ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
സ്വാലിഹ് സി. പി. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെയ്ക്ക് അബ്ദുൾകാദർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഷെരീഫ് എൻ. എം. | സെക്രട്ടറി | 01-04-2024 | 26-09-2024 |
| ജമീല എം. എം. | സെക്രട്ടറി | 27-09-2024 | 06-10-2024 |
| ശ്രീദേവി ആർ. | സെക്രട്ടറി | 07-10-2024 | 07-12-2024 |
| ലൗലി പി. ആർ. | സെക്രട്ടറി | 08-12-2024 | 25-12-2024 |
| ശ്രീദേവി ആർ. | സെക്രട്ടറി | 26-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജമീല എം. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 08-10-2024 |
| റസീന എ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 09-10-2024 | 16-10-2024 |
| ലൗലി പി. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 17-10-2024 | 31-12-2024 |
| റസീന എ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2025 | 15-01-2025 |
| ശോഭന പി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 16-01-2025 | 31-03-2025 |
| രേഖ സി. ആർ. | കൃഷി ഓഫീസർ | 01-04-2024 | 17-04-2024 |
| അബ്ഷിബ | കൃഷി ഓഫീസർ | 18-04-2024 | 23-04-2024 |
| രേഖ സി. ആർ. | കൃഷി ഓഫീസർ | 24-04-2024 | 03-05-2024 |
| അഞ്ജലി | കൃഷി ഓഫീസർ | 04-05-2024 | 31-03-2025 |
| പ്രിയ ആർ. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. ലത വി. | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | 01-04-2024 | 02-08-2024 |
| ഡോ. സഫീർ പി. എ. | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | 03-08-2024 | 12-12-2024 |
| ധനുഷ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | 13-12-2024 | 31-03-2025 |
| ശ്രീഹരി എസ്. മേനോൻ | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| ഡോ. ജോമി ജോൺ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| മോഹനൻ | ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്, ചെറുതുരുത്തി) | 01-04-2024 | 31-03-2025 |
| കനകരാജ് എൻ. എസ്. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 01-04-2024 | 10-06-2024 |
| സുരേഷ് എം. എസ്. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 11-06-2024 | 09-08-2024 |
| സുചിത്രൻ പി. ജി. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 10-08-2024 | 27-09-2024 |
| ഷിൻസ എസ്. വിൻസന്റ് | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 28-09-2024 | 09-10-2024 |
| ജോർജ്ജ് പി. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 10-10-2024 | 19-12-2024 |
| സുരേഷ് എം. എസ്. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 20-12-2024 | 19-01-2025 |
| ജോർജ്ജ് പി. | വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | 20-01-2025 | 31-03-2025 |
| സുരേഷ് എം. എസ്. | വി.ഇ.ഒ. (നെടുമ്പുര സർക്കിൾ) | 01-04-2024 | 09-08-2024 |
| സുജേഷ് പി. എസ്. | വി.ഇ.ഒ. (നെടുമ്പുര സർക്കിൾ) | 10-08-2024 | 06-10-2024 |
| സുരേഷ് എം. എസ്. | വി.ഇ.ഒ. (നെടുമ്പുര സർക്കിൾ) | 07-10-2024 | 31-03-2025 |
| ഷൈബി എൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 01-08-2024 |
| ദിവ്യ ഉണ്ണി ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ജിഷ കെ. ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| അന്ന എ. ജെ. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-1 |
| 3 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-2 |
| 4 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-10 |
| 12 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പദ്ധതികൾ | 1-6 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | തൊഴിൽ നികുതി കുറവായി ഈടാക്കി | 1-9 |
| 21 | തൊഴിൽ നികുതി - മറ്റ് അപാകങ്ങൾ | 1-10 |
| 22 | ആംബുലൻസ് വാടക ഇനത്തിൽ ലഭിക്കുന്ന വരവ് സമയബന്ധിതമായി പഞ്ചായത്തിൽ അടവാക്കുന്നില്ല | 1-11 |

| | | |
|---|---|---|
| 23 | അതിദാരിദ്ര്യനിർമ്മാർജ്ജനം - വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകൽ - രേഖകൾ ഹാജരാക്കിയില്ല | 1-12 |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-13 |
| 25 | ജി.എൽ.പി സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 26 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-15 |
| 27 | കരാർപത്രത്തിൽ ഉത്തരവിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ് | 1-16 |
| 28 | പകൽ വീട് - ഉപയോഗയോഗ്യമാക്കിയില്ല | 1-17 |
| 29 | വയോജനങ്ങൾക്ക് ഹാപ്പിനെസ് പാർക്ക് - തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-18 |
| 30 | പദ്ധതി പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നില്ല | 1-19 |
| 31 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-20 |
| 32 | ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം - അവലോകനം | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2025 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.06.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :29.09.2025**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

### 1-1-1 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി

CFC Untied Basic Grant, CFC Tied Grant, Development Fund - General എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റെവന്യൂ ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 271/25 Purchase Of Trolley To MCF | 42401109/ 20.02.2025 | 48,000 | 251130404 Waste Management -Collection And Sorting Of Plastic Waste | ഉചിതമായ ആസ്തി ശീർഷകം. | Development Fund - Central Finance Commission Grant - Tied Grant |
| 2 | 133/25 Purchase And Installation Of Bottle Booth | 42401257/ 23.03.2025 | 1,32,750 | 251130404 Waste Management -Collection And Sorting Of Plastic Waste | ഉചിതമായ ആസ്തി ശീർഷകം. | |
| 3 | 201/25 ANGANVADI ROAD NIRMANAM WARD 6 | 42400285/ 09.07.2024 | 7,50,000 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| 4 | 71/25 PURCHASE OF COMPUTER AND RELATED EQUIPMENTS | 42401215/ 14.03.2025 | 15,600 | 251220002 Improvement Of The Service Of Local Governments-Maintenance Of Computers And Peripharals | ഉചിതമായ ആസ്തി ശീർഷകം | |
| 5 | 199/25 MICHABHOOMI ROAD DRAINAGE | 42401556/ 16.12.2024 | 96,833 | 252110005 Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |

| | | | | | | |
|---|---|---|---|---|---|---|
| | CONSTRUCTION WARD 8 | | | | | |
| 6 | 201/25 ANGANVADI ROAD NIRMANAM WARD 6 | 42401557/ 16.12.2024 | 2,77,145 | 252110003 Roads-Side Wall | ഉചിതമായ ആസ്തി ശീർഷകം | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് പേയ്മെന്റുകൾ ഐ.എൽ.ജി.എം.എസിൽ നടത്തുമ്പോൾ ലഭ്യമാകുന്ന ഹെഡുകളിലാണ് പേയ്മെന്റ് ചെയ്യുന്നതെന്നും ശരിയായ ഹെഡുകളിലേക്ക് പിന്നീട് ജേർണൽ എൻട്രി മുഖേന മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . എന്നാൽ മേൽ ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ 31.3.2025 വരെ അത്തരം ജേർണൽ എൻട്രി നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2025-26 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-2 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്ക് B-17 പ്രകാരം 450210102 Co-Operative Bank Account Of Own Revenue Fund എന്ന അക്കൗണ്ടിലെ 31.3.2025 ലെ നീക്കിയിരുപ്പ് (-)0.15 രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതിന്റെ കാരണം വ്യക്തമല്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2025-26 വർഷത്തെ വാർഷിക കണക്കിൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 17,69,56,842 |
| ആകെ ചെലവ് (B) | | 17.79,10,682 |
| മിച്ചം തുക C= A-B | | (-)9,53,840 |
| Prior Period Income (I-19) | (-)3,16,764 | |
| Prior Period Expenditure (I-18) | 5,44,559 | |
| Net Difference Between Prior Period Income And Expenses ( D ) | | 8,61,323 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-)18,15,163 |

എന്നാൽ വാർഷിക കണക്കിൽ D എന്നത് 3,16,764 – 5,44,559 = (-)2,27,795 എന്ന് കണക്കാക്കുകയും ഫോർമുല പ്രകാരം (E) = C-D എന്ന് ചേർത്തിട്ടുള്ളതിനാൽ E എന്നത് (-)9,53,840 നിന്ന് (-)2,27,795 കുറച്ചപ്പോൾ ലഭിച്ച (-)7,26,045 രൂപയാണ്. പ്രസ്തുത തുകയാണ് Income And Expenditure Accountൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. IKM മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ (-)3,16,764 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല).

**1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4/ബി-2 പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31/03/25 ൽ ബാക്കിയുള്ള തുകയും ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/25 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4/ബി-2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 311100101 | Panchayat's Distress Relief Fund | 29,872 | 450210102 | THRISSUR DISTRICT CO-OPERATIVE BANK LTD-(147110801000433) | 30,185 |
| 3 | 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 10,125 | 450250037 | THE KERALA STATE CO-OPERATIVE BANK LTD-(147112801001356) | 1,05,115 |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

**1-1-5 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ 2025-26 വർഷം കുടിശ്ശിക തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരം അതത് വർഷങ്ങളിൽ തന്നെ പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 72,91,849 രൂപയാ,ണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,14,49,602 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.കൂടാതെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Operating Activities, Investing Activities, Financing Activities എന്നിവ കണക്കാക്കിയതിലെ ഗണിത ക്രിയയും കൃത്യമല്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

### 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

### 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

(എ). അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

2024-25 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി/ രണ്ട് തവണയായി ഡിമാന്റ് |
|---|---|---|

| | | രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42400127/25.5.2024 | 32,46,910 |
| | 42401788/31.3.2025 | 1,91,265 |
| | | Tot: 34,38,175 |
| 110100102-Property Tax On Non Residential Buiding | 42400128/25.5.2024 | 32,74,960 |
| | 42401789/31.3.2025 | 2,57,331 |
| | | Tot:35,32,291 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42401786/31.3.2025 | 2,78,870 |
| 130100101 Rent From Buildings | 42401719/31.3.2025 | 28,93,864 |
| 110200105-Profession Tax-Traders | 42401784/31.3.2025 | 4,59,030 |
| 110200101-Profession Tax-Institutions | 42401783/31.3.2025 | 1,07,200 |
| | | |

ബി). **ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സി). **“190000000-Prior Period Income” -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “190000000-Prior Period Income”എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/03/2025 ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 190100101 -Prior Period Income-Property Tax | (-)3,15,864<br>((-)3,19,166 രൂപ ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചു) |
| 190200401 Prior Period Income - Other Incomes | (-)1,500 |
| 290600499 Prior Period Expenses - Remission And Refund - Other Incomes | 5,44,559 |

(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

## 1-1-9 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

### എ. വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**.1തൻവർഷം**

1.1റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 32,72,073 | 32,63,781 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 34,38,175<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ,ഷെഡ്യൂൾ ഐ -1) | 32,59,475<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ |
|---|---|---|

| | | |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 33,63,182 | 32,92,154 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 35,32,291<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ,ഷെഡ്യൂൾ ഐ -1) | 32,91,690<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) |

**2 കുടിശ്ശിക**

2.1 റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,584 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 1,287<br>(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2025 ലെ 42401795 നമ്പർ വൗച്ചർ പ്രകാരം 431910101 State Govt. Cesses/ Levies In Property Taxes - Control Account എന്ന നോമിനൽ കണ്ട്രോൾ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർധിപ്പിച്ചിട്ടുണ്ട്. (1240 രൂപ).

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,55,918 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 1,49,581<br>(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2025 ലെ 42401795 നമ്പർ വൗച്ചർ പ്രകാരം 431910101 State Govt. Cesses/ Levies In Property Taxes - Control Account എന്ന നോമിനൽ കണ്ട്രോൾ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർധിപ്പിച്ചിട്ടുണ്ട്. (6349 രൂപ).

3 ലൈബ്രറി സെസ്സ്

| | ഡിമാൻഡ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,43,157 | 3,31,279 |

| | | |
|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 6,81,172 | 3,31,410 |
| | (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15+ 2024-25 ലെ 431910101 State Govt. Cesses/ Levies In Property Taxes - Control Account ലെഡ്ജർ ) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35) |

4 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,31,410 രൂപയും , സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 3,31,279 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 6,70,042 രൂപയാണ്.ഇപ്രകാരം യഥാർത്ഥത്തിൽ കുറക്കേണ്ടതിനേക്കാൾ വലിയ തുക റെസിഡൻഷ്യൽ , നോൺ-റെസിഡൻഷ്യൽ വസ്തു നികുതിയുടെ കിട്ടാനുള്ള നികുതി തുകയുടെ ശീർഷകത്തിൽ നിന്നും 431910101 State Govt Cesses/Levies In Property Tax Control Account” എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിനാൽ വാർഷിക കണക്ക് പ്രകാരം റെസിഡൻഷ്യൽ , നോൺ-റെസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ള തുകയിൽ കുറവ് വരുന്നു. “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ശീർഷകത്തിലെ ബാക്കി തുക ക്രമീകരിക്കുന്നതിനായി 190100101 -Prior Period Income-Property Tax എന്ന നോമിനൽ ശീർഷകം മുഖേന റെസിഡൻഷ്യൽ , നോൺ-റെസിഡൻഷ്യൽ വസ്തു നികുതിയുടെ അഡ്വാൻസ് ശീർഷകങ്ങളിലേക്ക് തുക ചേർക്കുകയും തുടർന്ന് അഡ്വാൻസ് ശീർഷങ്ങളിൽ നിന്ന് “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്യുന്നു .

5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2025 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues - Property Tax On Residential Building | 9,737 | 5,74,223 |
| 2 | 350410104- Advance | 8,340 | 40,684 |

| | | | |
|---|---|---|---|
| | Collection Of Revenues - Property Tax On Non-Residential Building | | |

6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2,33,498 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 11,119 (2,33,498/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 11,130 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

7 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 3,19,166 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "190100101 -Prior Period Income-Property Tax" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

7.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42401797 | 31.3.2025 | 1,61,899 |

7.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 42401798 | 31.3.2025 | 1,57,267 |

ബി. **രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31.03.2025 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 2,17,520 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues - License | 1,05,100 |

| | | | |
|---|---|---|---|
| | | Fees For Factories, Traders, Enterprenuers And Other Services | |
| 3 | ക്രെമറ്റോറിയം | 350410207 Advance Collection Of Revenues – Crematorium Fees | 69,250 |
| 4 | ഫാം | 350410208 Advance Collection Of Revenues –Cattle Pound Charges | 500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററുകൾ പൊരുത്തപ്പെടാത്തതിനുള്ള കാരണം കണ്ടെത്തി പരിഹരിക്കുന്നതാണെന്നും രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**1-1-10 ആസ്തി രജിസ്റ്റർ – ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

**1-1-11 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ**

എ. **ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല

ബി. **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ സാധനങ്ങൾ സ്റ്റോക്കിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കി രേഖപ്പെടുത്താൻ സാധിക്കുന്നില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

സി. **രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിമുക്തി ഗ്രാന്റിന്റെ ചെലവ്, നീക്കിയിരിപ്പ് തുകകൾ

വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| ചെലവ് | 1,080 | 0 |
| നീക്കിയിരിപ്പ് | 13,420 | 14,500 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വൗച്ചർ നമ്പർ 22401378/14.3.2025 മുഖേന 1,080 രൂപ വിമുക്തി ഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. തത്തുല്യമായ തുക 320100190 Vimukthi Grant എന്ന ബാധ്യത ശീർഷകത്തിൽ നിന്ന് വരുമാനമായി ക്രമീകരിക്കാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത്. ആയത് 2025-26 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/10.07.2025)

## 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം താഴെപ്പറയും പ്രകാരമാണ്.

12.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 (1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 27,04,766 | 24,93,02,000 | 25,20,06,766 | 24,77,55,290 | 42,51,476 |

25.02.2025 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 3 (1) പ്രകാരം 2024-25 വർഷത്തെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 27,04,766 | 38,52,18,810 | 38,79,23,576 | 38,53,19,844 | 26,03,732 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 1,80,34,000 | 1,80,34,000 | 1,80,22,481 | 11,519* |
| വികസനഫണ്ട്-എസ്.സി.പി | 0 | 69,79,000 | 69,79,000 | 62,18,594 | 7,60,406* |
| വികസനഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 2,20,09,000 | 2,20,09,000 | 1,23,87,764 | 96,21,236* |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 60,45,000 | 60,45,000 | 52,42,001 | 8,02,999* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ബേസിക്) | 25,18,936 (Bank) | 32,38,150 | 57,57,086 | 47,85,321 (54 രൂപ ബാങ്ക് | 9,71,765 |

| | | | | | |
|---|---|---|---|---|---|
| | | | | ചാർജ്ജ് ഉൾപ്പെടെ) | |
| | 0 (Treasury) | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | - 66,796 (Bank) | 66,56,000 | 65,89,204 | 45,14,465 | 20,74,739 |
| | 0 (Treasury) | 0 | 0 | 0 | 0 |
| **കേന്ദ്രാവിഷ്കൃതഫണ്ടുകൾ** | | | | | |
| ICDS | 20,15,590 | 14,62,526 | 34,78,116 | 17,31,271 | 17,46,845 |
| മറ്റേതെങ്കിലും ഫണ്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം | | | | | |
| Health Grant (Infrastructure) | 7,87,773 | 4,10,487 | 11,98,260 | 2,54,741 | 9,43,519 |
| Health Grant (Conversion) | 3,07,441 | 6,22,892 | 9,30,333 | 1,79,971 | 7,50,362 |
| Health Grant (BUILDINGLESS SUB CENTRE) | 28,05,500 | 95,097 | 2900597 | 5,27,921 | 23,72,676 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | |
| LIFE (State Share) | 15,99,351 | 5,00,000 | 20,99,351 | 20,42,419 | 56,932 |
| Vimukthi | 14,500 | 0 | 14,500 | 1,080 | 13,420 |

കുറിപ്പ്-

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) വിമുക്തി ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത ഖ:1-1-11 ൽ പരാമർശിച്ചിട്ടുണ്ട്.

3) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സ്രോതസ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണത്തിന്റെ |
|---|---|---|---|---|---|

| | തുക | | തുക | ശതമാനം | ശതമാനം |
|---|---|---|---|---|---|
| 225 | 19,48,44,815 | 167 | 7,00,20,602 | 35.93% | 74.22% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 30,33,563 | 30,33,563 | 30,33,563 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,68,09,578 | 2,68,09,578 | 2,68,09,578 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 1,20,57,688 | 1,20,57,688 | 1,20,57,688 | 0 |
| ആകെ | 0 | 4,19,00,829 | 4,19,00,829 | 4,19,00,829 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | NIL | NIL |
| കർഷകതൊഴിലാളി | 26,78,400 | 159 |
| വിധവ പെൻഷൻ | 1,92,86,000 | 1,268 |
| വാർദ്ധക്യകാല പെൻഷൻ | 2,79,76,700 | 1,935 |
| വികലാംഗ പെൻഷൻ | 51,56,300 | 333 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,63,800 | 112 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,70,000 | 9 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2025 തീയതിയിൽ 3:00 PMന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 23085 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി കുറവായി ഈടാക്കി

1. താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | സഫിയ | ഇറിഗേഷൻ | രണ്ടാം | 48,000 | 750 | 450 | 300 | 1241105185/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (കാഷ്വൽ സ്വീപ്പർ ) | ചാരകുഴി കനാൽ സെക്ഷൻ | അർദ്ധ വർഷം | (8000x6) | | | | 15.2.2025 |
| 2 | ബിന്ദു എസ് (ടീച്ചർ ) | നിള ബി ആർ സി | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ | 1,47,120 (24520x6) | 1250x2 | 1000x2 | 500 (250x2) | 1240801611/ 27.03.2025 |
| 3 | രേഷ്മ സുജിത് (അക്കൗണ്ടന്റ്) | ടെനറ്റ് ഹെൽത്ത് കെയർ | രണ്ടാം അർദ്ധ വർഷം | 48,000 (8000x6) | 750 | 450 | 300 | 1241106211/ 25.3.2025 |
| 4 | ജസീല തെസ്നി (ഫിസിയോ തെറാപ്പിസ്റ്റ്) | ടെനറ്റ് ഹെൽത്ത് കെയർ | രണ്ടാം അർദ്ധ വർഷം | 60,000 (10000x6) | 750 | 600 | 150 | 1241106211/ 25.3.2025 |
| 5 | പ്രബിത ടി (അസിസ്റ്റന്റ് മാനേജർ) | ചെറുതുരുത്തിയിൽ അർബൻ നിധി | രണ്ടാം അർദ്ധ വർഷം | 60,000 | 750 | 600 | 150 | 1241105263/ 20.2.2025 |
| 6 | മോഹൻദാസ് | ഹാപ്പി മേളം പപ്പടം | രണ്ടാം അർദ്ധ വർഷം | 40,000 | 600 | 300 | 300 | 1240801436/ 20.3.2025 |
| 7 | സുന്ദരരാജ് | ഹാപ്പി മേളം പപ്പടം | രണ്ടാം അർദ്ധ വർഷം | 40,000 | 600 | 300 | 300 | 1240801436/ 20.3.2025 |
| 8 | ഷാജി മോൻ | ഹാപ്പി മേളം പപ്പടം | രണ്ടാം അർദ്ധ വർഷം | 40,000 | 600 | 300 | 300 | 1240801436/ 20.3.2025 |
| 9 | രജീഷ് | ഹാപ്പി മേളം പപ്പടം | രണ്ടാം അർദ്ധ വർഷം | 25,000 | 450 | 180 | 270 | 1240801436/ 20.3.2025 |
| 10 | രജിത സി (കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ് ) | അകിില ഫിനാൻസ് | ഒന്നാം അർദ്ധ വർഷം | 80,130 (13355x6) | 750 | 450 | 300 | 1241101845/ 10.9.2024 |
| 11 | അജയ് കൃഷ്ണ ടി എസ് (അസി.കസ്റ്റമർ റിലേഷൻ മാനേജർ) | അകിില ഫിനാൻസ് | ഒന്നാം അർദ്ധ വർഷം | 96,000 (16000x6) | 750 | 450 | 300 | 1241101845/ 10.9.2024 |
| 12 | ബിജോയ് വി (അസി.കസ്റ്റമർ റിലേഷൻ മാനേജർ) | അകിില ഫിനാൻസ് | ഒന്നാം അർദ്ധ വർഷം | 90,000 (15000x6) | 750 | 450 | 300 | 1241101845/ 10.9.2024 |

2. മർകസ് ഹാദിയ വിമൻസ് കോളേജ് എന്ന സ്ഥാപനം സമർപ്പിച്ച ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി പത്രിക പ്രകാരം സ്ഥാപനത്തിലെ ആകെ പത്തു ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായി അടവാക്കിയ തൊഴിൽ നികുതി ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| 1 | 5 | 3000 (5x600) |
| 2 | 1 | 750 |
| 3 | 1 | 1000 |
| 4 | 3 | 1800 (3x600) |
| | ആകെ | 6,550 |

ഇതേ ജോലിക്കാർ തന്നെയാണ് രണ്ടാം അർദ്ധ വർഷത്തിലും മേൽ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/LSGD നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. ഇതു പ്രകാരം രണ്ടാം അർദ്ധവർഷത്തിൽ മേൽ സ്ഥാപനത്തിലെ ജീവനക്കാർ അടവാക്കേണ്ടിയിരുന്ന തൊഴിൽ നികുതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ എണ്ണം | അടവാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| 1 | 6 | 4500(750x6) |
| 2 | 1 | 1000 |
| 3 | 3 | 1800(600x3) |
| | ആകെ | 7,300 |

എന്നാൽ രണ്ടാം അർദ്ധ വർഷത്തിൽ മേൽ സ്ഥാപനം 1231107299/28.3.2025 നമ്പർ രസീത് പ്രകാരം ആകെ 6,400 രൂപ മാത്രമാണ് തൊഴിൽ നികുതി ഇനത്തിൽ അടവാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച, കുറവായി അടവാക്കിയ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി - മറ്റ് അപാകങ്ങൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2024-25 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഡബ്ല്യൂ.പി.സി 16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപന ഉടമ സമർപ്പിക്കുന്ന പത്രികകൾ പരിശോധനക്കായി ലഭ്യമാക്കിയെങ്കിലും ശമ്പള വിവരങ്ങൾ പൂർണമായും രേഖപ്പെടുത്താത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ: അതിഥി മന്ദിരം, റോയൽ നഴ്സിങ് കോളേജ്, ഡി കെയർ ഡെന്റൽ ക്ലിനിക്, റൂട്സ് ഡെന്റൽ ക്ലിനിക് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ഒന്ന് രണ്ട് അർദ്ധർഷങ്ങളിലെ പത്രിക, നെടുമ്പ്ര അക്ഷയ കേന്ദ്രം എന്ന സ്ഥാപനം സമർപ്പിച്ച ഒന്നാം അർദ്ധവർഷത്തിലെ പത്രിക, മർകസ് ഹാദിയ വിമൻസ് കോളേജ് എന്ന സ്ഥാപനം സമർപ്പിച്ച രണ്ടാം അർദ്ധവർഷത്തിലെ പത്രിക.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/10.07.2025) ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകൾ, ബി.എസ്.എൻ.എൽ എന്നിവയിൽ നിന്നും 2025-26 വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും തൊഴിലുടമകൾ സമർപ്പിക്കുന്ന പത്രികകൾ പൂർണമാണെന്ന ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പിരിവുമായി ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിച്ച് പഞ്ചായത്തിന്റെ തനതു വരുമാനത്തിനുണ്ടാകുന്ന ശോഷണം തടയാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ആംബുലൻസ് വാടക ഇനത്തിൽ ലഭിക്കുന്ന വരവ് സമയബന്ധിതമായി പഞ്ചായത്തിൽ അടവാക്കുന്നില്ല

23.6.2025 തീയതി മുതൽ 3.7.2025 വരെയുള്ള തീയതികളിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ (KL 48 T 5523) വാടക ഇനത്തിൽ ലഭിച്ച 11,940 രൂപ (രസീത് ബുക്ക് നമ്പർ 71 ലെ രസീത് നമ്പർ 3502 മുതൽ 3516 വരെ) 11.07.2025 വരെ പഞ്ചായത്തിൽ/ബാങ്ക് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. പണം നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നുള്ള വിവരം അറിയിക്കേണ്ടതും പണം നാളിതുവരെ പഞ്ചായത്തിലോ/ബാങ്ക് അക്കൗണ്ടിലോ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/11.07.2025) ലഭ്യമാക്കിയ മറുപടിയിൽ ആംബുലൻസിന്റെ വാടക കെ - സ്മാർട്ട് വഴി ഡിമാൻഡ് ചെയ്ത് വെരിഫൈ ചെയ്ത് അപ്രൂവ് ചെയ്തതിനു ശേഷമാണ് റെസിപ്റ്റ് ആക്കുന്നതിന് സാധിക്കുന്നതെന്നും ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച തുക R-G080402-25001830/14.07.2025 റെസിപ്റ്റ് പ്രകാരം അടവാക്കിയതായും അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, 2011,ചട്ടം 18 പ്രകാരം പഞ്ചായത്തിന് വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് /ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 23, കെ.എഫ്. സി വാല്യം I ആർട്ടിക്കിൾ 7(2) എന്നിവ പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, 2011,ചട്ടം 28, കെ.ടി.സി വാല്യം I ആർട്ടിക്കിൾ 130 എന്നിവ പ്രകാരം പിരിച്ചെടുത്ത പണം കാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വള്ളത്തോൾ ഗ്രാമപഞ്ചായത്തിൽ മേൽ പരാർശിച്ച ചട്ടങ്ങൾ പ്രകാരമുള്ള യാതൊരു നടപടികളും പാലിക്കുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിന്ന് വ്യകതമാണ്. പണം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 അതിദാരിദ്ര്യനിർമ്മാർജ്ജനം - വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകൽ - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 101/25 അതിദാരിദ്ര്യ നിർമ്മാർജ്ജനം - വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകൽ |
| അടങ്കൽ | 19505 രൂപ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 19505 രൂപ |
| വൗച്ചർ നമ്പർ & തിയതി | 42401617 തിയതി 27.01.2025 |
| നിർവഹണം | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ |

ഹെഡ് മാസ്റ്റർ ഗവ. എൽ.പി സ്കൂൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അതിദാരിദ്ര്യനിർമ്മാർജ്ജനം - വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകൽ എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതങ്ങൾ കാണുന്നു.

**1. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം. 115/2022/LSGD തീയതി, തിരുവനന്തപുരം, 28.05.2022 ഖണ്ഡിക 2.13 പ്രകാരം സ്ഥാപന മേധാവികൾ നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയ ശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കണം. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

**2. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല**

കേരള ഫാൻസി സ്റ്റോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 2024-25/6013 തീയതി 31.07.2024 പ്രകാരം 19,505 രൂപയുടെ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**3. വാങ്ങൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല**

തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവ് സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ/08.11.2010 പ്രകാരം അയ്യായിരം രൂപയുടെ മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയാണ് നടത്തേണ്ടതെന്നിരിക്കെ 19,505 രൂപയുടെ സാമഗ്രികൾ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയത് മേൽ ഉത്തരവിന്റെ ലംഘനമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.07.25) മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മേൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുംവരെ മേൽ പദ്ധതിക്കായി ചെലവഴിച്ച തുകയായ 19,505 രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 248/25 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ |
| അടങ്കൽ | 2,00,000 രൂപ |
| ഫണ്ട് | വികസന ഫണ്ട് (SCP) |
| ചെലവ് | 1,91,207 രൂപ |
| വൗച്ചർ നമ്പർ | 42401668/07.03.2025 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ |

ഹെഡ് മാസ്റ്റർ ഗവ. എൽ.പി സ്കൂൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

**1. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.115/2022/LSGD തീയതി, തിരുവനന്തപുരം, 28.05.2022 ഖണ്ഡിക 2.13 പ്രകാരം സ്ഥാപന മേധാവികൾ നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മീറ്റിയുടെ അംഗീകാരം വാങ്ങിയശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. 40 കുട്ടികൾക്ക് മേശയും കസേരയും നൽകുക എന്ന പദ്ധതിയുടെ ഗുണഭോക്താക്കളായി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച്

നൽകിയിരിക്കുന്നത് 20 പേർ മാത്രമാണ്. ഇത് സ്കൂളിൽ നിന്നും ഹെഡ്മാസ്റ്റർ അംഗീകരിച്ച് നൽകിയ ലിസ്റ്റാണോ എന്നതിന്റെ രേഖകൾ ലഭ്യമല്ല. ബാക്കി 20 പേരുടെ ലിസ്റ്റ് ഹെഡ്മാസ്റ്റർ തയ്യാറാക്കിയതാണ്. ഇതിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

**2. മേശയും കസേരയും മുഴുവൻ പേർക്കും വിതരണം ചെയ്തിട്ടില്ല**

